(സി) വയനാട് ജില്ലയിലെ നാഷണൽ ഫുഡ് ഫോർ വർക്ക് സ്കീമിൽ ഭക്ഷ്യധാന്യവിതരണം ആരംഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന പദ്ധതി

178 [1117] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 സാമ്പത്തിക വർഷത്തെ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന പദ്ധതിയിൽ കഴക്കൂട്ടം വികസന ബ്ലോക്ക് ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ബ്ലോക്കിന് പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയിൽ ഏതൊക്കെ റോഡുകളാണ് പുനരുദ്ധാരണത്തിനു തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത റോഡുകളുടെ പേരും ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുകയും വിശദമാക്കുമോ?

ഉത്തരം

(എ) — (സി) 2005-2006 വർഷത്തെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കഴക്കൂട്ടം ബ്ലോക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡുകൾ ഏതൊക്കെയാണെന്ന് അന്തിമ തീരുമാനമായിട്ടില്ല. പ്രാഥമിക നടപടികൾ പൂർത്തിയായിവരുന്നു.

ബി.ഡി.ഒ. നിയമനത്തിന് നിലവിലുള്ള മാനദണ്ഡം

179 [1118] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
" *തോമസ് ചാഴികാടൻ:*
" *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഡി.ഒ. നിയമനത്തിന് ഇപ്പോഴുള്ള മാനദണ്ഡം വിശദമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പിൽ പതിനഞ്ചു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന ബിരുദധാരികളായ ഗ്രാമസേവകർക്ക് പ്രൊമോഷൻ ലഭിക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇതര വകുപ്പുകളിൽനിന്നും ബി.ഡി.ഒ. നിയമനത്തിനുള്ള കാട്ട കുറവുചെയ്ത് പകരം ഗ്രാമവികസന വകുപ്പിൽത്തന്നെ പത്തുവർഷത്തി ലധികമായി പ്രവൃത്തിപരിചയമുള്ള ബിരുദധാരികളെ ബി.ഡി.ഒ. നിയമനത്തിന് പരി ഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നേരിട്ടുള്ള നിയമനത്തിന് ബിരുദമാണ് യോഗ്യത. 1:1:1 എന്ന അനുപാതത്തിൽ അതാതു സമയത്ത് ഉണ്ടാകുന്ന ഒഴിവുകൾ എക്സ്റ്റൻഷൻ ഓഫീസറന്മാരിൽനിന്നുള്ള പ്രമോഷൻ, സെക്രട്ടേറിയറ്റ്, പഞ്ചായത്ത്, വ്യവസായം, സ്റ്റാറ്റിസ്റ്റിക്സ്, കൃഷി, മൃഗസംരക്ഷണം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളിൽനിന്നും പി.എസ്.സി. മുഖേന നടത്തുന്ന തസ്തികമാറ്റംവഴിയുള്ള നിയമനം, പി.എസ്.സി. മുഖേന നടത്തുന്ന നേരിട്ടുള്ള നിയമനം എന്നീ രീതികളിലാണ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ഇപ്പോൾ നിയമിക്കുന്നത്.

(ബി) ബിരുദധാരികളായ ഗ്രാമസേവകർക്ക് പ്രൊമോഷൻ നല്കുന്നതിന് പ്രത്യേക മാനദണ്ഡമൊന്നും നിലവിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ ജില്ലയിൽ നബാർഡ് പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിച്ച റോഡുകൾ

180 [1119] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച റോഡുകൾ ഏതെല്ലാമാണെന്നും, ഓരോന്നിലും ചെലവഴിച്ച തുക എത്രയാണെന്നും, അവ ഏതെല്ലാം വർഷങ്ങളിലാ യിരുന്നുവെന്നും പറയാമോ;

(ബി) ഇതിൽ ചേലക്കര നിയോജകമണ്ഡലത്തിലെ റോഡുകൾ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 19 റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരമാണ്:

ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

† അനുബന്ധം VIII കാണുക.

LIBRARY ARCHIVES Kerala Legislative Assembly